

# മഴ

ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

ആനക്കര



# GHSS ANAKKARA

Estd. 1964

# PALAKKAD


2. അറിയാതെ പോയ നൊമ്പരങ്ങൾ

5. നീ

7. മഴ മലയാള സാഹിത്യത്തിൽ

8. പഴഞ്ചൊല്ലുകൾ

11. മഴക്കാലം

12. മഴമോഹം

14. സ്വപ്നങ്ങൾ

16. സൃഷ്ടി



# അറിയാതെപോയ നൊമ്പരങ്ങൾ...


മധുരിക്കും ഓർമ്മകൾ നിറഞ്ഞ കാലം

പച്ചപ്പുളിക്കടിച്ചു രസിച്ച കാലം..
പുസ്തകങ്ങൾ തൻ മാറോടുചേർത്ത്
കൂട്ടുകാരൊത്ത് നടന്ന കാലം..
പൊട്ടും മാലയും നുറുക്കും വാങ്ങി
വേലകളാറാടി രസിച്ച കാലം..
മയിൽപീലി ഏടിൽ മറച്ചുവെച്ച്
പ്രതീക്ഷകൾ നെയ്തൊരു നല്ല കാലം.

അന്ന് കൂട്ടുകാരൊത്തവൾ കളിച്ചുനിൽക്കെ
ഒത്തിരിപ്പേർ അന്നങ്ങോട്ടുവന്നു
ആഴ്ചകൾക്കകം അവളുടെ കഴുത്തിൽ
തൻ മുത്തുമാലകളഴിച്ച് പൊൻതാലിചൂടി
മധുരം നിറഞ്ഞ ആ പൊൻമുത്തുകളവിടാകം
കറുത്ത പ്രതലത്തിൽ ചിതറി നിന്നു
പറക്കമുറ്റാത്തവൾ താൻപോലുമറിയാതെ
പ്രയാസം ചുമലിലേറ്റുമൊരു വീട്ടമ്മയായ്
അടുപ്പിൻെറ കരിപുക മുഖത്തുതട്ടിയങ്ങനെ
പ്രതീക്ഷതൻ പൊൻമുഖം കരിവാളി നിന്നു.
അവൾ നെയ്ത അവൾതൻ സ്വപ്നങ്ങളെല്ലാം
നാലു ചുമർക്കുള്ളിൽ തങ്ങിനിന്നു.
സ്വപ്നത്തിലേക്ക് ലക്ഷ്യമിട്ടവളുടെ ചിറകുകളെ
കറുത്തചങ്ങലകൾ വിലക്കി നിർത്തി
വിദ്യാഭ്യാസമെന്നവളുടെ സ്വപ്നം തൻ
കുഞ്ഞുമനസ്സിൽ ഒതുക്കി നിർത്തി
തൻ സ്വപ്നങ്ങളൊതുക്കിയവൾ
നാളുകളെല്ലാം
അവർക്കുവേണ്ടി ഭാരം പേറി തള്ളിനീക്കി.

കനത്ത അവളുടെ തേങ്ങൽ
നാലുചുമർക്കുള്ളിൽ ഇരമ്പി നിന്നു.
എന്നാലും ആ കണ്ണീർതുള്ളി പ്രതീക്ഷയോടെ ഒഴുകിയാർന്നു.
അങ്ങനെ ആ മങ്ങിയ ഏടുകൾ
മെല്ലെമെല്ലിരുട്ടിലേക്കകന്നു നീങ്ങി...
വെളിച്ചത്തിലെത്തുമെന്ന പ്രതീക്ഷയോടെ.


ശ്രീനന്ദ.എം


HALFiya. K. K
VIII . D

# നീ...!

ദിവ്യ.എ.പി

അപൂർണമായ ഒരു കവിതയായി
ഞാൻ മാറുമ്പോൾ എന്നെ രചിച്ച
തൂലികയായി നീ മാറുന്നു.
ആ കവിതയിലെ ഓരോ വരിയും
നമ്മൾ ഒന്നിച്ചിരുന്ന ദിവസങ്ങളാകുന്നു.
അതിലെ ഓരോ അക്ഷരങ്ങളും
നമ്മൾ പറഞ്ഞു തീർത്ത കഥകളാകുന്നു.
ആ കവിതയുടെ ഉള്ളടക്കം നീ എൻെറ
ഹൃദയത്തിൽ മറച്ചുവെച്ച പ്രണയമാകുന്നു.


Happy
childrens day
Abhinav.M.B.

# മഴ മലയാള സാഹിത്യത്തിൽ

മഴ. കാലം മാറിയപ്പോഴും ഒപ്പം ഉള്ള പ്രകൃതി പ്രതിഭാസമാണ് മഴ. മലയാള സാഹിത്യത്തിൽ തന്നെ മഴക്ക് ഏറെ പ്രാധാന്യം ഉണ്ട്. മഹാകാവ്യങ്ങളിലെ ഋതുവർണ്ണനകളിലും, സന്ദേശ കാവ്യങ്ങളിലെ വർഷ വർണ്ണനകളിലും തുടങ്ങി ആധുനിക മലയാള ചെറുകഥാ സാഹിത്യത്തിൽ വരെ മഴയെന്ന അതുല്യ പ്രതിഭാസത്തിൻെറ സജീവ സാന്നിദ്ധ്യം നമുക്ക് കാണാൻ സാധിക്കും. മഴയെ കുറിച്ച് ഒരു വരി പോലും എഴുതാത്ത കവികൾ ഇല്ലെന്ന് നമുക്ക് ഉറപ്പിക്കാൻ സാധിക്കും. എല്ലാ വിധ സാഹിത്യ വിഭാഗങ്ങളിലും മഴ തുല്യ പങ്ക് വഹിക്കുന്നുണ്ട്. മഴയുമായി ബന്ധപ്പെട്ട് നിരവധി ശൈലികൾ മലയാളത്തിൽ ഉണ്ട്. മലയാള സാഹിത്യത്തിൽ മഴ കേന്ദ്ര കഥാപാത്രമായ ഒരുപാട് രചനകൾ ഉണ്ട്. പ്രധാന ഉദാഹരണമാണ് സുഗതകുമാരി ടീച്ചറുടെ 'രാത്രിമഴ'. ഗദ്യ സാഹിത്യത്തിലും മഴ സജീവ സാന്നിദ്ധ്യമാണ്. 'തോറ്റങ്ങൾ' , 'വെള്ളപ്പൊക്കത്തിൽ' , 'ഖസാക്കിന്റെ ഇതിഹാസം', 'അലാഹയുടെ പെൺമക്കൾ' എന്നിവ ഇതിനുദാഹരണമാണ്.



"മഴക്ക് എത്ര മുഖങ്ങളാണ്, ഭാവങ്ങളാണ് ! "


[രാത്രിമഴ]

ശ്രീലക്ഷ്മി.പി

# പഴഞ്ചൊല്ലുകൾ

അനുഭവമാണ് മഹാഗുരു
അടി തെറ്റിയാൽ ആനയും വീഴും
അമ്മക്കു പ്രാണ വേദന, മകൾക്കു
വീണ വായന
അടി കൊള്ളാൻ ചെണ്ടയും പണം
വാങ്ങാൻ മാരാരും
അക്കരെ നിന്നാൽ ഇക്കരെ പച്ച
അറിയാത്ത പിള്ളക്ക്
ചൊറിയുമ്പോൾ അറിയും
കാക്കയ്ക്കും തൻ കുഞ്ഞ് പൊൻ
കുഞ്ഞ്
കണ്ടറിയാത്തവൻ കൊണ്ടറിയും
ഓടുന്ന പട്ടിക്കു ഒരു മുഴം മുന്നേ
കണ്ടതു പറഞ്ഞാൽ കഞ്ഞി കിട്ടില്ല
അണ്ണാറക്കണ്ണനും തന്നാൽ ആയത്
ആനവായിൽ അമ്പഴങ്ങ
ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
തള്ള ചവിട്ടിയാൽ പിള്ളക്ക് കേടില്ല

കടപ്പാട്





# മഴക്കാലം

മേഘം പെരുമ്പറ കൊട്ടി
മഴപ്പൂരപ്പുറപ്പാടൊരുങ്ങി
ആകാശവീഥിയിലെങ്ങും മിന്നലിൻ
പിണരുകൾ നിറഞ്ഞു
താളമേളങ്ങളോടെ കാറ്റും
മഴയും പെയ്തിറങ്ങി
പുതുമണ്ണിൻ ഗന്ധം ഊഴിയിലെങ്ങും
തിങ്ങി തിങ്ങി നിറഞ്ഞു
മഴയാൽ നനഞ്ഞ മരങ്ങൾ
കുളിരാൽ കോരിത്തരിച്ചു
വറ്റിവരണ്ട കുളങ്ങൾ ജല-
ത്താൽ പൂരിതമായി
മാനവകരങ്ങളിലെല്ലാം
കർഷിക സമൃദ്ധി നിറഞ്ഞു


അനഘ.എസ്



# മഴമോഹം

വേനൽ വന്നു
പുഴകൾ വറ്റി
പൂക്കൾ വാടി
പുല്ല് കരിഞ്ഞു
ഇല പൊഴിഞ്ഞു
ചെടിയുണങ്ങി,
പക്ഷികൾ പറന്നുപോയി
കുട്ടി ആകാശത്തേക്കു നോക്കി
മേഘങ്ങളോട് ചോദിച്ചു
"ഒന്നു പെയ്തിറങ്ങുമോ?...


ഫാത്തിമത്ത് മുൻജിദ .പി പി



# സ്വപ്നങ്ങൾ

സ്വപ്നങ്ങളെ  മുറുകെ പിടിക്കുക
സ്വപ്നങ്ങൾ മരിക്കുകയാണെങ്കിൽ
ജീവിതം ചിറകൊടിഞ്ഞ പക്ഷിയെ
പോലെയാണ്
സ്വപ്നങ്ങൾ പോകുമ്പോൾ
സ്വപ്നങ്ങളെ മുറുകെ പിടിക്കുക
ജീവിതം മഞ്ഞിൽ തണുത്തുറഞ്ഞ
ഒരു തരിശായ വയലാണ്

നസ്റീൻ.വി


oh wonderful
you are so
basutefull
with green
trees
and hamming
bees.

# സൃഷ്ടി

അബലകളെന്നും ചപലകളെന്നും
മുദ്രകുത്തപ്പെട്ട സ്ത്രീകൾക്കിനി
ഉയിർത്തെഴുന്നേൽപ്പിൻെറ
കാലഘട്ടം

പ്രകൃതിഭാവങ്ങൾ
നിലനിൽപ്പുള്ളതല്ല
അത് ദിനം പ്രതി
മാറികൊണ്ടിരിക്കുന്നു
അതുപോലെയാണ് ജീവിതവും
സുഖവും ദു:ഖവും മാറി മാറി
വന്നുകൊണ്ടിരിക്കും
എന്നാലെ ജീവിതം
ആസ്വാദ്യകരമാവുകയുള്ളു.

-അപർണരാജേഷ്

